പ്രസിഡൻറൻമാരും കൂടി ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്ന് അങ്ങ് വാഗ്ദാനം ചെയ്തതുമാണ്. കഴിഞ്ഞ കാലവർഷക്കെടുതിയുടെ ഫലമായി ഈ റോഡ് പൂർണ്ണമായ അർത്ഥത്തിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്നു. നാലഞ്ചു ബസ്സുകൾ ആ റൂട്ടിൽ ഓടിക്കൊണ്ടിരുന്നത്. ഇന്ന് നിശ്ചലമായിരിക്കുകയാണ്. അത്രയും ഗുരുതരമായ സ്ഥിതിയിലായിത്തീർന്നിരിക്കുന്ന ഈ റോഡിന് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറും പ്ലാനും അനുവദിച്ചു നൽകി അടിയന്തിരമായി ഈ റോഡ് ഗതാഗതയോഗ്യമാക്കിത്തീർക്കണം. രണ്ടു പഞ്ചായത്തിലെ മുപ്പതിനായിരത്തിൽപരം വരുന്ന ജനങ്ങളുടെ ദൈനംദിന യാത്രാസൗകര്യത്തിനുള്ള ഏകമാർഗ്ഗമായ വളയം—കുറുവന്തേരി റോഡിൻെറ വർക്ക് അടിയന്തിരമായി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, വളയം—കുറുവന്തേരി റോഡ് 1983—ൽ മാത്രം ഗവൺമെൻറ് ഏറ്റെടുത്ത റോഡാണ്. 1984—85—ൽതന്നെ പരിഷ്ക്കരണ ജോലികൾ നിർവ്വഹിച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ ഈ റോഡ് ഗതാഗതയോഗ്യമാക്കിത്തീർക്കുകയുണ്ടായി. കഴിഞ്ഞ വെള്ളപ്പൊക്കത്തിൻെറ ഫലമായി ധാരാളം റോഡുകൾ കേടുപറ്റിയതിൻെറ കൂട്ടത്തിൽ ഈ റോഡും കേടുപറ്റിയിട്ടുണ്ട്. രണ്ടാമതും അതിൻെറ പരിഷ്ക്കരണ ജോലികൾ നടത്താനുള്ള നടപടികൾ ആലോചിക്കുകയാണ്. സമൂലമായ പരിഷ്ക്കരണം നടത്താൻ 18—20 ലക്ഷത്തോളം രൂപ വേണം. എന്നാൽ ബഡ്ജറ്റിൽ കാര്യമായ സംഖ്യ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുകൊണ്ട് സമൂലമായ പരിഷ്ക്കരണം ഇപ്പോൾ നടത്താൻ നിർവ്വാഹമില്ല. ആവശ്യമായ അടിയന്തിര പരിഷ്ക്കരണം നടത്താൻ ഗവൺമെൻറ് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ.ടി. കുണാരൻ: അവിടത്തെ പഞ്ചായത്തു പ്രസിഡൻറും ഞാനും നടത്തിയ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ ഒരു പ്രത്യേക പരിഗണനയെന്നുള്ള നിലയിൽ ഈ റോഡിന് സാംഗ്ഷൻ നൽകാമെന്ന് പറഞ്ഞതുകൊണ്ട് ഈ കാര്യം പ്രത്യേക പരിഗണനക്കു വിധേയമാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: 'നൽകാമെന്ന്' എം.എൽ.എ. മാരോ എൻെറ പാർട്ടിക്കാരോ വന്നാൽ ഞാൻ സമ്മതിക്കാറില്ല. കഴിവതും പരിഗണിക്കാമെന്നു പറയും. സാമ്പത്തിക പരിമിതിയ്ക്കകത്തു നിന്നു കൊണ്ട് കഴിവതെല്ലാം ചെയ്യും. അങ്ങനെയാണ് പതിവ്.

(2) അങ്കമാലി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ.

ശ്രീ. എം.വി. മാണി: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ നാലു പഞ്ചായത്തിലും ഒരു മുനിസിപ്പാലിറ്റിയിലും വാട്ടർ സപ്ലൈ സ്കീമുകൾ ത്വരിതഗതിയിൽ പൂർത്തീകരിക്കേണ്ട ആവശ്യകതയിലേക്കാണ് ഞാൻ ഒരു ശ്രദ്ധക്ഷണിക്കൽ കൊടുത്തിട്ടുള്ളത്. അങ്കമാലി മുനിസിപ്പാലിറ്റിയിൽ വാട്ടർസപ്ലൈ സ്കീം മൂന്നു വർഷമായി തുടങ്ങിയിട്ട്. അതിൻെറ പമ്പുഹൗസ് കാലടിയിൽ പൂർത്തിയായി. അതിൻെറ ഓവർ ഹെഡ് ടാങ്ക് പൂർത്തിയായിക്കഴിഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷമൊന്നായി. പൈപ്പ്പ്പ്രകം ഇട്ടുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വർഷം വേനൽക്കാലത്തെങ്കിലും അങ്കമാലി മുനിസിപ്പാലിറ്റിയിൽ വാട്ടർ സപ്ലൈ കൊടുക്കാമെന്നായിരുന്നു. തീരുമാനിച്ചതെങ്കിലും അത് നടന്നില്ല. അതിന്റെ പുരോഗതി ഈ രീതിയിൽ പോകുകയാണെങ്കിൽ ഈ വർഷം വേനലിലും കൊടുക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഓവർഹെഡ് ടാങ്ക് പൂർത്തിയായിട്ടുണ്ടെങ്കിലും അതിന്റെ പ്യൂരിഫിക്കേഷൻ പണികളൊന്നും തുടങ്ങിയിട്ടില്ല. പ്യൂരിഫിക്കേഷനില്ലെങ്കിൽത്തന്നെയും പെരിയാറിലെ വെള്ളമായതുകൊണ്ട് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പൂർത്തിയായാൽ വെള്ളം കൊടുക്കുവാൻ കഴിയുമെന്നാണ് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ എം.ഡി:യൊക്കെ ഇതിനുമുമ്പ് കോൺഫറൻസിൽ സംസാരിച്ചപ്പോഴും പറഞ്ഞത്. എന്നാൽ ഇന്ന് ഒച്ചിന്റെ വേഗതയിലാണ് ആ പണികൾ നീങ്ങുന്നത്. ഈ രീതിയിൽ അതിന്റെ പണികൾ മുന്നോട്ടുപോയാൽ ഈ വേനലിലും വാട്ടർസപ്ലൈയില്ലാത്ത അങ്കമാലി മുനിസിപ്പാലിറ്റിയിൽ ഒട്ടും ശുദ്ധജലം കൊടുക്കുവാൻ സാധിക്കാത്ത ഒരു സ്ഥിതിവരും. അതുപോലെ അങ്കമാലി മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകൾ ഉൾപ്പെടുന്ന പീച്ചാണിക്കാട് ഈ വാട്ടർസപ്ലൈ സ്കീമിന്റെ പരിധിയിൽ വരുന്നില്ല. അതുകൊണ്ട് അവിടെ കുഴൽക്കിണർ കുഴിപ്പിച്ചിട്ടുണ്ട്. അവിടെ ധാരാളം വെള്ളം കിട്ടുമെന്ന് മനസ്സിലായിട്ടുണ്ട്. കഴിഞ്ഞ വരൾച്ചക്കാലത്ത് അവിടെ ലോക്കൽബോഡിയുടെ സഹകരണത്തോടുകൂടി പൈപ്പ് ഇട്ടുകഴിഞ്ഞിരിക്കുകയാണ്. അവിടെ ഇന്നുവരെ പമ്പ്ഹൗസ് സ്ഥാപിക്കാത്തതുകൊണ്ട്, വളരെയധികം ശുദ്ധജലക്ഷാമം ആ പ്രദേശത്ത് അനുഭവപ്പെടുന്നു. ശുദ്ധജല വിതരണം ചെയ്യാൻ സാധിക്കുന്നില്ല. ഈ രണ്ടു കാര്യത്തിലും അടിയന്തിരമായ ശ്രദ്ധപതിപ്പിച്ചില്ലെങ്കിൽ ഞാൻ ആദ്യം സൂചിപ്പിച്ച വാട്ടർസപ്ലൈ സ്കീമൊന്നുമില്ലാത്ത ആ മുനിസിപ്പാലിറ്റിയിൽ ശുദ്ധജലക്ഷാമം വളരെയധികം ഈ വേനലിലുണ്ടാകും. അതുകൊണ്ട്, ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധപതിപ്പിച്ച് അതിന്റെ പണി പൂർത്തിയാക്കണം.

അതുപോലെയാണ് മഞ്ഞപ്ര, അയ്യമ്പുഴ പഞ്ചായത്തുകൾ. ശുദ്ധജലവിതരണ പദ്ധതികളൊന്നുമില്ലാത്ത രണ്ടു പഞ്ചായത്തുകളാണിത്. ഒരുകോടി രൂപ എൽ.ഐ.സി. യുടെ സഹായത്തോടുകൂടി ആ പദ്ധതിക്ക് അനുവദിക്കുകയും അതിന്റെ ആദ്യത്തെ ഭാഗമായിട്ട് പമ്പ് ഹൗസിന്റെ ടെൻഡർമാത്രം വിളിക്കുകയും ചെയ്തിട്ടുണ്ട്. ആറ് ടെൻഡറുകൾ വിളിക്കാനാണ് ഇതിൽ വിഭാവനചെയ്തിട്ടുള്ളതെങ്കിലും ബാക്കി ടെൻഡറുകളൊന്നും വിളിച്ചില്ല. മൂന്ന് ഓവർഹെഡ് ടാങ്കും മറ്റുമൊക്കെ വേണ്ടതായ ബൃഹത്തായ ഒരു പദ്ധതിയാണിത്. അതിന്റെ പണികൾ ഈ രീതിയിലാണ് പോകുന്നതെങ്കിൽ അഞ്ചുവർഷമായാലും അത് തീരുന്നമട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. ഈ രണ്ടുപഞ്ചായത്തിലും യാതൊരുവിധ ശുദ്ധജലവിതരണ പദ്ധതിയുമില്ല. വളരെയധികം വെള്ളം എല്ലാ കൊല്ലവും ലോറികളിൽ കൊണ്ടുപോയിക്കൊടുക്കുന്ന പഞ്ചായത്താണ്, അയ്യമ്പുഴ പഞ്ചായത്ത്. ശുദ്ധജല വിതരണ പദ്ധതിയുടെ ആവശ്യകത ഗവൺമെന്റിനൊക്കെ അറിയാവുന്നകാര്യമാണ്. ശ്രീമൂലനഗരം, കാഞ്ഞൂർ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഏതാണ്ട് 90 ലക്ഷംരൂപയുടെ പദ്ധതികൾ അനുവദിക്കുകയും അതിന്റെ പ്രാരംഭമായി

LIBRARY ARCHIVES Kerala Legislative Assembly

പൈപ്പ് ഇടുന്നതിന് ടെൻറർ നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമൂലനഗരം, കാഞ്ഞൂർ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതിക്ക് പ്യൂരിഫിക്കേഷന്റെ ആവശ്യമില്ല. പമ്പുഹൗസിന്റെ ആവശ്യമില്ല. കാരണം എറണാകുളത്തും ആലപ്പുഴയിലും വെള്ളം പമ്പുചെയ്യുന്നത് ചൊവ്വര പഞ്ചായത്തിൽനിന്നാണ്. അതിനു വേണ്ടി പൈപ്പിട്ടു. അതിന്റെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റംകൂടി കഴിഞ്ഞാൽ ഈ രണ്ടുപഞ്ചായത്തിലെയും ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ കഴിയും. അങ്ങനെ നാലു പഞ്ചായത്തിലും അങ്കമാലി മുനിസിപ്പാലിറ്റിയിലും വളരെ രൂക്ഷമായി ബാധിക്കുന്ന ഒരു പ്രശ്നമാണിത്. മാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിന്റെ പകുതിഭാഗത്തും കവർ ചെയ്യുന്ന ഒരു ശുദ്ധജലവിതരണപദ്ധതിയായതുകൊണ്ട് ഗവൺമെന്റ് അടിയന്തിരശ്രദ്ധ പതിപ്പിക്കണം. അതിന്റെ പൈപ്പുകളിൽ പോരായ്മകളുണ്ടെങ്കിൽ, സിവിൽവർക്കുകളിൽ പോരായ്മകളുണ്ടെങ്കിൽ അതൊക്കെ നോക്കിക്കണ്ട് അതിൽ പ്രത്യേകമായ ഒരു ശ്രദ്ധ പതിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുവന്നില്ലെങ്കിൽ ഒരു വലിയ ബുദ്ധിമുട്ടിലേക്കു നീങ്ങും. അതാണ് സ്ഥിതി. മൂന്നരകോടി രൂപയുടെ പദ്ധതികൾ സാങ്ഷൻചെയ്തുവെന്നല്ലാതെ, ചില സ്ഥലത്ത് ഭാഗികമായി വർക്കുകൾ ചെയ്തുവെന്നല്ലാതെ അതു ജനങ്ങൾക്ക് ഉപയോഗപ്രദമായി തീരണമെന്നുണ്ടെങ്കിൽ ഇനിയും വളരെയധികം കാലങ്ങൾ നോക്കി നിൽക്കേണ്ട സ്ഥിതിവരും. അതുകൊണ്ട് ഇതിൽ ബന്ധപ്പെട്ട മന്ത്രി അടിയന്തിരമായി ശ്രദ്ധപതിപ്പിച്ചുകൊണ്ട് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ): സർ, അങ്കമാലി മുനിസിപ്പാലിറ്റിയിൽ ശുദ്ധജലവിതരണപദ്ധതി തുടങ്ങിയപ്പോൾ അതിന്റെ മതിപ്പുചെലവ് 99 ലക്ഷം രൂപയായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അതിന്റെ ചെലവ് 164 ലക്ഷം രൂപവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കുറെ പണികളെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിവരുന്നതുകൂടി കണ്ടെത്തി ഇക്കൊല്ലംതന്നെ അത് പൂർത്തീകരിക്കാമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. സ്വൽപ്പം പണികൂടി മാത്രമേ ബാക്കി വരുന്നുള്ളൂ. ഏതായാലും 1986 അവസാനിക്കുന്നതിനുമുമ്പുതന്നെ ഇതിന്റെ പണി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെയാണ് മഞ്ഞപ്ര, അരിയാമ്പുഴ ശുദ്ധജലവിതരണപദ്ധതി. രണ്ടുപഞ്ചായത്തുകൾക്കുമുഴുവനായിട്ടുള്ളതാണ്. ഏകദേശം 40,000 പേർക്ക് ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ്. 1985 ഫെബ്രുവരിയിൽ ആരംഭിച്ചതാണ്, 95,57,000 രൂപയാണ് അതിനു വേണ്ടി മതിപ്പുചെലവ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി ഏകദേശം അഞ്ചാറുലക്ഷംരൂപ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു പുതിയ പദ്ധതിയാണിത്. എങ്കിലും 1986 ഡിസംബറിനുമുമ്പുതന്നെ അത് ചെയ്തുതീർക്കണമെന്നുള്ള നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. അത് ചെയ്തുതീർക്കാൻകഴിയുമെന്നു പ്രതീക്ഷിക്കുന്നു.

അതുപോലെ 56,000 ജനങ്ങൾക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കുന്ന ഒരു വലിയ പദ്ധതിയാണ് ശ്രീമൂലനഗരം ശുദ്ധജലവിതരണപദ്ധതി. ഇതിനും ഒരുകോടിയോളം, ഏകദേശം 96 ലക്ഷത്തിൽപ്പരം രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിരിക്കുന്നത്. 1985 ഫെബ്രുവരി മാസത്തിലാണ് ഇത് ആരംഭിച്ചത്. ഈ പദ്ധതിയും 1986 അവസാനിക്കുന്നതിനുമുമ്പുതന്നെ പൂർത്തീകരിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി നിർദ്ദേശം കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അങ്കമാലിയിലെ പരിസര പഞ്ചായത്തുകളിലും അങ്കമാലി ടൗണിലും ശുദ്ധജലവിതരണം പൂർണ്ണമായും നടത്താനും ആശ്വാസം കണ്ടെത്താനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം.വി. മാണി: അങ്കമാലി മുനിസിപ്പാലിറ്റിയിൽ ഇന്നത്തെ രീതിയിലാണെങ്കിൽ ഒരുതുള്ളിവെള്ളം പോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതി ഉണ്ട്. ഡിസ്ട്രിബ്യൂഷൻ ഒന്നുമായിട്ടില്ല. ശുദ്ധജലം കൊടുക്കാനുള്ള ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലെ പൈപ്പ് ഒട്ടും തന്നെ ഇട്ടിട്ടില്ല. അടിയന്തിരമായി അതിന് നടപടികൾ നടത്തിയില്ലെങ്കിൽ ഈ വേനൽക്കാലത്തും വെള്ളം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എം.പി. ഗംഗാധരൻ: ഡിസ്ട്രിബ്യൂഷൻ പ്രവൃത്തി മൂന്നു നാല് മാസംകൊണ്ട് പൂർത്തീകരിക്കാനും ഈ വേനൽക്കാലത്തുതന്നെ വെള്ളം കൊടുക്കുവാനും സാധിക്കുമെന്നാണ് പ്രതീക്ഷ.

III. സബ്മിഷൻ

(1) പാലക്കാടു ജില്ലയിലെ മുഞ്ഞബാധയെക്കുറിച്ച്

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാലക്കാട് ജില്ലയിലെ നെൽകൃഷി മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. മുഞ്ഞരോഗം അവിടെ വ്യാപകമായി പടർന്നുപിടിക്കുകയാണ്. ദിവസംതോറും നൂറുകണക്കിന് ഏക്കർ സ്ഥലത്ത് ഈ രോഗം പടർന്നുപിടിച്ച് നെൽകൃഷി നശിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നാണെങ്കിൽ യാതൊരു സഹായവും ചെയ്യുന്നില്ല. അഞ്ചേക്കറുള്ള, എന്റെ അടുത്തുള്ള, കൃഷിക്കാരൻ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശപ്രകാരം 4,000 രൂപക്ക് മരുന്നുവാങ്ങിച്ചു തളിച്ചു. ആ മരുന്നുംപോയി കൃഷിയും നശിച്ചുപോയ അനുഭവമാണുണ്ടായത്. ഈ രോഗം വ്യാപകമായി പടർന്നുപിടിക്കുകയാണ്. സാധാരണ ചെറുകിട കർഷകർക്ക് മരുന്നു വാങ്ങിച്ച് അടിക്കാൻ പറ്റാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തിര നടപടിയെടുത്ത് ഇനിയെങ്കിലും രോഗം പടർന്നുപിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ പിന്നീട് മറുപടി പറയും.

(2) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം

ശ്രീ. വി.വി. ജോസഫ്: സർ, 47 ബസ്സുകൾ സർവ്വീസ് നടത്തുന്ന മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇന്നലെ 18 ബസ്സുകളാണ് ഓടിയത്. ടയർ ഇല്ലാത്തതുകൊണ്ടും സ്പെയർ പാർട്സ് ഇല്ലാത്തതുകൊണ്ടും മറ്റുള്ള ബസ്സുകളെല്ലാം ഷെഡ്ഡിൽ കയറിയിരിക്കുകയാണ്. ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളൊന്നും ഓടുന്നില്ല. ദേശസാൽകൃത റൂട്ടുകളിൽ ബസ്സില്ലാത്തതുകൊണ്ട് ആളുകൾ കാത്തുനിന്ന് വലയുന്നു.

LIBRARY ARCHIVES Kerala Legislative Assembly